# 958

നരേന്ദ്രസൂനോ! നാഥാ! വന്നിടുക

1 ഗിരീന്ദ്രശൃംഗമതിൽനിന്നു മേഘമണ്ഡലത്തിൽ
സുരേന്ദ്ര ലോകം പൂകിയൊരു യേശു ദേവാ!
ഭവാൻ പോയപോലെ വീണ്ടും വന്നിടുക-

2 കണ്ണുനീർ നിറഞ്ഞ തന്റെ ശിഷ്യരെ കരത്താൽ
തിണ്ണമായനുഗ്രഹിച്ച ദേശികേശാ!
ഞങ്ങൾക്കാശിസ്സേകാൻ-വീണ്ടും-വന്നിടുക

3 ദിവ്യമാം തിരുവചസ്സിന്നവ്യയാധികാരം
ഭൂമിയിൽ പുനഃസ്ഥാപിപ്പാൻ രാജവര്യാ!
ഭവൽസേനയോടെ-വീണ്ടും വന്നിടുക

4 ഈയുഗത്തിന്നന്ത്യം വരെ ഞങ്ങളോടുകൂടെ
താനിരുന്നു കൊള്ളുമെന്നു വാക്കു തന്ന
സത്യപാലകനേ നാഥാ! വന്നിടുക-

5 രാവകന്നു ശോഭചിന്തും സുപ്രഭാതമിപ്പോൾ
താവകമാം വരവിനാൽ ലഭ്യമാകാൻ
ബഹുവാഞ്ഛയോടെ-ഞങ്ങൾ കാത്തിടുന്നേ-

6 ശീതളക്കാറ്റേശി ഞങ്ങളാകവേ കുളിർത്തു
പോയിടായ്‌വാൻ വന്നു നിന്റെ കാന്തി ചേരും
കരം തന്നിലേന്തി-ചൂടു-നൽകണമേ നീ-

7 പൂർവ്വദിക്കിലുയരുന്ന ബാലസൂര്യൻ പോലെ
പൊൻകരങ്ങൾ നീട്ടി കൃപ പൂണ്ടടിയാർ
മനത്താമരകൾ-വിട-ർത്തിടുക നീ-

8 നീലനിറമാണ്ട വാനം പൂക്കളിൻ സുഗന്ധം
തൂകുമൊരു കുളിർകാറ്റും പച്ചയായ
വില്ലീസാൽ പുതച്ച ഭൂവും-നൽകിടുക-

9 ആദിമനുഷ്യന്റെ മഹാപാതകത്താൽ നഷ്ട-
മായ ദിവ്യാനുഗ്രഹങ്ങൾ വീണ്ടുമേകാൻ
ഉടൽ യാഗം ചെയ്ത-ദേവാ!-നീ ജയിക്ക-

K.V.S.